# KERALA STATE ROAD TRANSPORT CORPORATION

**No. ES6/ES3/5718/97**
**Email:** estate@kerala.gov.in
**Phone: 0471 2471011, Extn: 232**

**Office of the Chairman & Managing Director,**
**Transport Bhavan, Fort**
**Thiruvananthapuram, Dated: 16.08.2019**

## CORRINGENDUM

The Auction cum Tender date of vacant Shops at Shopping Complex, Kannur is postponed to 05-09-2019 due to some technical reasons.

The change in last date of selling of Tender Form and last date of submission of Tender Form should also be noticed.

| | |
|---|---|
| Last Date of Selling of Tender Form | : 03-09-2019 |
| Last Date of Submission of Tender Form | : 04-09-2019 |
| Auction cum Tender Date | : 05-09-2019 |

It is also informing that, S3 shop is excluded from Auction cum Tender.

**Executive Director & Estate Officer**

16/8/19

**കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ**

നമ്പർ:ഇഎസ്6/ഇഎസ്3/5718/97

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി: 06.08.2019

## കെ.എസ്.ആർ.ടി.സി, കണ്ണൂർ ഷോപ്പിംഗ്കോംപ്ലക്സിൽ കടമുറികൾ അനുവദിക്കുന്നതിനുള്ള ലേലം/ടെണ്ടർ വ്യവസ്ഥകളും നിബന്ധനകളും

1. കെഎസ്ആർടിസി കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സിൽ കടമുറികൾ കച്ചവടത്തിനായി ലൈസൻസ് അടിസ്ഥാനത്തിൽ അനുവദിയ്ക്കുന്നതിനുള്ള മുദ്രവച്ച ടെണ്ടറുകൾ ക്ഷണിയ്ക്കുന്നു. തുടക്കത്തിൽ ഒരു വർഷത്തേക്കാണ് ലൈസൻസ് അനുവദിക്കുന്നത്. **ലേലത്തിലും, ടെണ്ടറിലും വച്ച് ഏറ്റവും ഉയർന്ന പ്രതിമാസ വാടക വാഗ്ദാനം ചെയ്യുന്ന ടെണ്ടറർക്ക് ഷോപ്പ് അനുവദിക്കുന്നതാണ്. അപ്രകാരം കടമുറികൾ ലഭിക്കുന്ന ലൈസൻസികൾ 12 മാസത്തെ വാടക പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായി (IFSD) ഒടുക്കേണ്ടതാണ്.**

2. പൂർണ്ണമായും പൂരിപ്പിച്ച ടെണ്ടർ ഫാറം സമർപ്പിച്ചവരെ മാത്രമെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിയ്ക്കുകയുള്ളൂ. ടെണ്ടറിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ പ്രസ്തുത ടെണ്ടർ കാരണം കൂടാതെ തന്നെ നിരസിയ്ക്കുന്നതാണ്.

3. ടെണ്ടർ ഫാറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. ടെണ്ടർ ഫാറത്തിൽ ഏത് ഷോപ്പാണ് ആവശ്യമുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുദ്രവച്ച ടെണ്ടറടങ്ങിയ കവറിനു പുറത്ത് ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ നടക്കുന്ന ദിവസം, ടെണ്ടററുടെ കൃത്യമായ മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. ഇവ രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

4. ഓരോ ഷോപ്പിനും വെവ്വേറെ നിരതദ്രവ്യം ഒടുക്കേണ്ടതും ടെണ്ടർ സമർപ്പിയ്ക്കേണ്ടതുമാണ്. ടെണ്ടറിൽ, ഉദ്ദേശിയ്ക്കുന്ന കച്ചവടത്തിന്റെ സ്വഭാവം വ്യക്തമാക്കിയിരിയ്ക്കണം.

5. ലേലം/ടെണ്ടർ നടപടിയിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യം ഓരോ ഷോപ്പിനും 50000/-രൂപ (അമ്പതിനായിരം രൂപ) വീതമാണ്. നിരതദ്രവ്യം ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാൻറ് ഡ്രാഫ്റ്റ് ആയോ, കണ്ണൂർ, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസിൽ പണമായോ ഒടുക്കാവുന്നതാണ്.

6. ഷോപ്പ് അനുവദിച്ചു കിട്ടിയ വ്യക്തിയുടെ/സ്ഥാപനത്തിൻെറ നിരതദ്രവ്യം, ടി വ്യക്തി/സ്ഥാപനം ഒടുക്കുവാനുള്ള പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിൽ വകവയ്ക്കുന്നതാണ്. രണ്ടാമത്തെ ഉയർന്ന തുക വാഗ്ദാനം ചെയ്യുന്ന വ്യക്തിയുടെ നിരതദ്രവ്യം വിജയിയായ ടെണ്ടറർ തുക അടയ്ക്കുവാനാരംഭിക്കുന്ന മുറയ്ക്ക് പരമാവധി ആറ് മാസത്തിനകവും ബാക്കിയുള്ളവരുടെ നിരതദ്രവ്യം ഒരാഴ്ചയ്ക്കകവും തിരികെ നൽകുന്നതാണ്.

7. <u>വിജയിയായ ടെണ്ടറർക്ക് ലേല ദിവസം തന്നെ ഷോപ്പ് താല്കാലികമായി അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് (provisional letter of allotment) നൽകുന്നതും പ്രസ്തുത വ്യക്തി അന്നേ ദിവസം തന്നെ പലിശ രഹിത സെക്യൂരിറ്റി ഡിപ്പോസിറ്റിന്റെ 50% തുക ഒടുക്കേണ്ടതുമാണ്.</u>

8. <u>അലോട്ട്മെന്റ് ലെറ്റർ ലഭിയ്ക്കുന്നവർ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിന്റെ ബാക്കി തുക ലേലം/ടെണ്ടർ തീയതി മുതൽ 30 ദിവസത്തിനകം ഒടുക്കേണ്ടതാണ്.</u>

9. രേഖാമൂലം താക്കോൽ കൈമാറുന്ന തീയതി മുതൽ ഒരു മാസത്തിനകം ലൈസൻസി കച്ചവടം ആരംഭിയ്ക്കേണ്ടതാണ്. താക്കോൽ കൈമാറുന്ന തീയതി മുതൽ ഉള്ള വാടക കോർപ്പറേഷനിൽ ഒടുക്കേണ്ടതുമാണ്.

10. അലോട്ട്മെൻറ് ലെറ്റർ ലഭിച്ചവർ <u>പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് രണ്ടാമത്തെ ഗഡു</u> മുകളിൽ (8-ാമത്തെ വ്യവസ്ഥ) പറഞ്ഞിട്ടുള്ള പ്രകാരം ഒടുക്കിയില്ലാ യെങ്കിൽ അവർ ഒടുക്കിയ നിരതദ്രവ്യവും, 50% പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും കണ്ടുകെട്ടുകയും, അവർക്ക് നൽകപ്പെട്ട അലോട്ട്മെൻറ് റദ്ദ് ചെയ്യുകയും ചെയ്യുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ പ്രസ്തുത ഷോപ്പ് കോർപ്പറേഷന് യുക്തമായ പക്ഷം ടെണ്ടറിൽ രണ്ടാമത്തെ ഉയർന്ന പ്രതിമാസ വാടക വാഗ്ദാനം ചെയ്ത വ്യക്തിയ്ക്ക് അലോട്ട് ചെയ്യുകയോ, പുതിയ ടെണ്ടർ നടപടിയ്ക്ക് വിധേയമാക്കുകയോ ചെയ്യുന്നതാണ്.

11. പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ്, ഒന്നാമത്തെ തവണ തുക ഒടുക്കുകയും രണ്ടാമത്തെ തവണ യഥാസമയം ഒടുക്കാതെയുമിരിക്കുന്ന പക്ഷം അലോട്ട്മെന്റ് റദ്ദ് ചെയ്യുകയും ഒടുക്കിയ പലിശരഹിത ഡെപ്പോസിറ്റും, നിരതദ്രവ്യവും കോർപ്പറേഷനിലേക്ക് കണ്ടുകെട്ടുന്നതുമാണ്.

12. ഒരിയ്ക്കൽ സമർപ്പിയ്ക്കപ്പെട്ട ടെണ്ടർ യാതൊരു കാരണവശാലും പിൻവലിയ്ക്കുവാൻ അനുവദിയ്ക്കുന്നതല്ല. ടെണ്ടർ സമർപ്പിച്ച ശേഷം പിൻവലിച്ചവരെയും അലോട്ട്മെൻറ് ലഭിച്ച ശേഷം പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കുന്നതിൽ വീഴ്ചവരുത്തിയതു കാരണം ഒഴിവാക്കപ്പെട്ടവരെയും തുടർന്നുള്ള ടെണ്ടറുകളിൽ പരിഗണിയ്ക്കുന്നതല്ല. ഇത്തരം സാഹചര്യങ്ങളിൽ ഒടുക്കിയിട്ടുള്ള EMD കോർപ്പറേഷനിലേക്ക് കണ്ടുകെട്ടുന്നതായിരിക്കും.

13. പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് പൂർണ്ണമായും ഒടുക്കിയവർക്ക് മുറികൾ അനുവദിച്ചുകൊണ്ടുള്ള സ്ഥിരീകരണഉത്തരവ് (Confirmation order) നൽകുന്നതാണ്. ടി ഉത്തരവ് ലഭിച്ചവരെ ലൈസൻസിയായി കണക്കാക്കുന്നതാണ്. സ്ഥിരീകരണ ഉത്തരവ് നൽകുന്നതോടെ നേരത്തെ നൽകിയ അലോട്ട്മെൻറ് ലെറ്റർ അസാധുവാക്ക പ്പെടുന്നതാണ്. കച്ചവടം തുടങ്ങുന്നതിന് മുൻപ് മൂന്ന് മാസത്തെ പ്രതിമാസ ലൈസൻസ് ഫീ, സർക്കാർ നിശ്ചയിച്ചിട്ടുള്ള GST സഹിതം ഒടുക്കേണ്ടതാണ്. തുടർന്നുള്ള ഓരോ മാസവും മുൻകൂറായി തന്നെ പ്രതിമാസ ലൈസൻസ് ഫീയും, GSTയും ഒടുക്കേണ്ടതാണ്. ലൈസൻസ് ഫീയുടെ **3** പ്രതിമാസ തവണകൾ തുടർച്ചയായി മുടക്കം വരുത്തിയാൽ നോട്ടീസു കൂടാതെ തന്നെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതാണ്. കാലതാമസം വരുത്തുന്ന ഒടുക്കലുകൾക്ക് 18% നിരക്കിൽ പിഴപ്പലിശ ഈടാക്കുന്നതാണ്.

14. പ്രതിമാസ ലൈസൻസ് ഫീയുടെ 3% തുക പൊതുസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായ അറ്റകുറ്റ പണികൾ, ക്ലീനിംഗ്, മേൽനോട്ടം എന്നീയിനങ്ങളിലുള്ള ചാർജ്ജായി എല്ലാ മാസവും ലൈസൻസ് ഫീയോടൊപ്പം അധികമായി ഒടുക്കുവാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. ഷോപ്പുകളുടെ വിസ്തീർണ്ണം ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാണ്.

15. ലൈസൻസ് അനുവദിക്കപ്പെടുന്ന വ്യക്തി, മൂന്ന് മാസത്തെ ലൈസൻസ് ഫീ (GST ഉൾപ്പെടെ),പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പൂർണ്ണമായും ഒടുക്കി, കച്ചവടം ആരംഭിക്കുന്നതിന് മുൻപായി നിർബന്ധമായും കോർപ്പറേഷനുമായി കരാറിലേർപ്പെടേണ്ടതാണ്. കരാറിലേർപ്പെടാത്തവരുടെ ലൈസൻസ് റദ്ദുചെയ്യുന്നതും നിരതദ്രവ്യം, ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക എന്നിവ കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതും പ്രസ്തുത ഷോപ്പ് മറ്റു വിധത്തിൽ നൽകുന്നതുമാണ്.

16. ലൈസൻസ് കാലാവധി മുഴുവനും പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് കോർപ്പറേഷനിൽ നിലനിർത്തിയിരിയ്ക്കുന്നതാണ്. ലൈസൻസ് കാലാവധി പൂർത്തിയായി മൂന്നു മാസത്തിനകം ബാധ്യതകളെന്തെങ്കിലും ഉണ്ടെങ്കിൽ ആയത് തട്ടിക്കഴിച്ച് ബാക്കി മടക്കി നൽകുന്നതാണ്. ലൈസൻസ് കാലാവധി പൂർത്തിയാകുന്നതിനു മുൻപ് ലൈസൻസി കരാറിൽ നിന്നും മതിയായ മുന്നറിയിപ്പില്ലാതെ പിന്മാറുകയാണെങ്കിൽ ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റിൻെറ 50% തുക കണ്ടുകെട്ടുന്നതും ബാക്കിയുള്ള തുക ലൈസൻസ് കാലാവധി അവസാനിച്ച ശേഷം ബാധ്യത കഴിച്ച് മടക്കി നൽകുന്നതുമാണ്.

17. ഏതു കച്ചവടത്തിനാണോ ടെണ്ടർ സമർപ്പിച്ചത് അതിനു മാത്രമെ ലൈസൻസ് നൽകുകയുള്ളു.

18. മദ്യം, ലഹരി പാനീയങ്ങൾ, സർക്കാർ നിരോധിച്ചിട്ടുള്ള സാധനങ്ങൾ, കോർപ്പറേഷൻെറ താല്പര്യത്തിനു വിരുദ്ധമായ കച്ചവടം എന്നിവ ഒരു കാരണവശാലും അനുവദനീയമല്ല.

19. സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പ്രകാരമുള്ള GST പ്രതിമാസ ലൈസൻസ് ഫീയോടൊപ്പം തന്നെ ലൈസൻസി ഒടുക്കേണ്ടതാണ്. കൂടാതെ സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ നിശ്ചയിച്ചിട്ടുള്ളതും ഭാവിയിൽ നിശ്ചയിയ്ക്കുന്നതുമായ എല്ലാവിധ നികുതികളും ലൈസൻസി ഒടുക്കുവാൻ ബാധ്യസ്ഥനാണ്.

20. കച്ചവടവുമായി ബന്ധപ്പെട്ട എല്ലാവിധമായ ലൈസൻസുകളും ബന്ധപ്പെട്ട സർക്കാർ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്വന്തം നിലയിൽ ലൈസൻസി നേടേണ്ടതാണ്.

21. വെള്ളം, വൈദ്യുതി എന്നിവ ലൈസൻസി സ്വന്തം നിലയിൽ കണ്ടെത്തേണ്ടതും അതിനുവരുന്ന ചെലവ് കോർപ്പറേഷൻ വഹിക്കുന്നതുമല്ല. കോർപ്പറേഷൻ അംഗീകരിച്ച വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ എന്നിവയുടെ ലേ ഔട്ട് പ്ലാൻ ബന്ധപ്പെട്ട അതോറിറ്റിയുടെ മുൻപാകെ സമർപ്പിച്ച് അനുമതി വാങ്ങിയിട്ടായിരിക്കണം കണക്ഷൻ എടുക്കേണ്ടത്.

22. തീ ഉപയോഗിക്കേണ്ട സാഹചര്യമുണ്ടായാൽ ആയതിനുള്ള പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ ലൈസൻസി സ്വന്തം നിലയിൽ വരുത്തിയിരിക്കേണ്ടതും, കോർപ്പറേഷന്റെ മുൻകൂർ അനുമതി നേടിയിരിക്കേണ്ടതുമാണ്.

23. ലൈസൻസിയ്ക്ക് അനുവദിയ്ക്കപ്പെട്ട ഷോപ്പ് മറ്റാർക്കെങ്കിലും ഒരു സാഹചര്യത്തിലും പാട്ടത്തിനോ, കീഴ്വാടകയ്ക്കോ മേലാദായത്തിനൊ കൈമാറാൻ പാടില്ലാത്തതാണ്. ഇക്കാര്യം കോർപ്പറേഷൻെറ ശ്രദ്ധയിൽപെട്ടാൽ നോട്ടീസു കൂടാതെ തന്നെ ലൈസൻസ് ക്യാൻസൽ ചെയ്ത് ലൈസൻസിയെ പുറത്താക്കുന്നതും ടിയാൻ ഒടുക്കിയ മുഴുവൻ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റും കോർപ്പറേഷനിലേയ്ക്ക് കണ്ടുകെട്ടുന്നതുമായിരിയ്ക്കും.

24. ഷോപ്പിൽ ജോലി നോക്കുന്നവർക്ക് എംപ്ലോയീസ് പ്രോവിഡൻറ് ഫണ്ട്, ഇ.എസ്.ഐ, സംസ്ഥാന ലേബർ വകുപ്പിൽ രജിസ്ട്രേഷൻ എന്നിവ ആവശ്യമായ പക്ഷം ലൈസൻസി അവ സ്വന്തം ചെലവിൽ പ്രാവർത്തികമാക്കേണ്ടതാണ്. ഈ ഇനങ്ങളിൽ ലൈസൻസ് കാലാവധിയിലോ അതിനുശേഷമോ ഉണ്ടാകാവുന്ന എല്ലാവിധ ബാദ്ധ്യതകളുടെയും പരിപൂർണ്ണ ഉത്തരവാദിത്വം ലൈസൻസിയ്ക്കായിരിയ്ക്കുന്നതാണ്. നിയമാനുസൃതം പ്രസ്തുത രജിസ്ട്രേഷനുകൾ വേണ്ടിയിരുന്ന ലൈസൻസികൾ മേൽപറഞ്ഞ രേഖകൾ ഹാജരാക്കിയാൽ മാത്രമേ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് യഥാസമയം മടക്കി നൽകുകയുള്ളു.

25. ഷോപ്പും പരിസരവും യഥാവിധി വൃത്തിയായും ശുചിത്വത്തോടെയും സൂക്ഷിയ്ക്കാൻ ലൈസൻസി ബാദ്ധ്യസ്ഥനാണ്. ചപ്പുചവറുകൾ ലൈസൻസി സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്. കോറിഡോർ, പാസ്സേജ്, സ്റ്റെപ്പുകൾ മുതലായവയിൽ യാതൊരു വിധ തടസ്സങ്ങളും (Obstructions) ലൈസൻസി സൃഷ്ടിക്കുവാൻ പാടില്ല. ഷോപ്പും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ലൈസൻസികൾക്കുമേൽ 5000/-രൂപ (അയ്യായിരം രൂപ) നഷ്ടം (പിഴ) ചുമത്തി ഈടാക്കാൻ കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

26. ഷോപ്പിൻെറ പേര് കോർപ്പറേഷൻ നിശ്ചയിക്കുന്ന ഭാഗത്ത് മാത്രമേ പ്രദർശിപ്പിയ്ക്കുവാൻ അനുവദിയ്ക്കുകയുള്ളൂ. (ഒന്നിൽ കൂടുതൽ സ്ഥലത്ത് ഷോപ്പിന്റെ പേര് പ്രദർശിപ്പിക്കുവാൻ പാടില്ല)

27. ലൈസൻസി, അയാൾക്ക് അനുവദിച്ച ഷോപ്പിൻെറ രൂപഘടനയ്ക്ക് (Structure) ഒരു കാരണവശാലും സ്ഥായിയായ മാറ്റം വരുത്തുവാൻ പാടുള്ളതല്ല. എന്നാൽ ആവശ്യമായ പക്ഷം മിതമായ താത്കാലിക മാറ്റങ്ങൾക്ക് (alterations, additions, modifications) വസ്തുതകൾ പരിശോധിച്ച് അനുമതി നൽകുന്ന കാര്യം കോർപ്പറേഷൻ പരിഗണിയ്ക്കുന്നതാണ്. എന്നാൽ ഇതിനായി വരുന്ന ചെലവ് കോർപ്പറേഷൻ വഹിക്കുന്നതല്ല.

28. ലൈസൻസിയ്ക്കു അനുവദിയ്ക്കുന്ന കെട്ടിടത്തിന് ബലക്ഷയം, ക്ഷതം എന്നിവ വരുത്തുവാനോ അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ പാടുള്ളതല്ല. കാലാകാലങ്ങളിൽ ആവശ്യമായി വരുന്ന റിപ്പയറിംഗും മെയിൻറനൻസും കോർപ്പറേഷൻെറ അനുമതിയോടെ സ്വന്തം ചെലവിൽ തന്നെ ലൈസൻസി ചെയ്യേണ്ടതാണ്.

29. ലൈസൻസി ലേലം / ടെണ്ടർ നിബന്ധനകളും, കരാറിലെ വ്യവസ്ഥകളും കൂടാതെ, കോർപ്പറേഷൻ കാലാകാലങ്ങളിൽ പുറപ്പെടുവിയ്ക്കുന്ന ഉത്തരവുകളും പാലിക്കുവാൻ ബാധ്യസ്ഥനാണ്. ഇവ പാലിയ്ക്കാത്ത ലൈസൻസികളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതും ഒടുക്കിയ പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക കോർപ്പറേഷൻ കണ്ടുകെട്ടുന്നതും അനുവദിച്ച ഷോപ്പ് ഏറ്റെടുക്കുന്നതുമാണ്.

30. ലൈസൻസ് ഫീസ് ഇനത്തിലോ മറ്റ് നടപടി ക്രമങ്ങളിലൊ യാതൊരു വീഴ്ചയും വരുത്താതെയുള്ള നിലവിലെ ലൈസൻസിക്ക് കോർപ്പറേഷൻ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന നിബന്ധനകൾ അനുസരിച്ചും ടിയാന്റെ ലൈസൻസ് കാലാവധി നീട്ടി കിട്ടാൻ അപേക്ഷ നൽകാവുന്നതും **നടപ്പുകാലാവധിയിലെ ലൈസൻസ് ഫീസിൽ 15% ത്തിൽ കുറയാതെയുള്ള വർദ്ധനവോടെ ഓരോ വർഷം കൂടുമ്പോഴും തുടക്കം മുതൽ പരമാവധി 10 (പത്ത്) വർഷത്തേക്ക് മാത്രം ലൈസൻസ് കാലാവധി നീട്ടി നൽകുന്നതാണ്.** അപ്രകാരം ലൈസൻസി അപേക്ഷ നൽകിയാലും ലൈസൻസ് കാലാവധി നീട്ടിനൽകണമോ വേണ്ടയോ എന്ന് തീരുമാനിക്കുവാനുള്ള പൂർണ്ണ അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിട്ടുള്ളതും ആയതിനെ ചോദ്യം ചെയ്യാനോ ആയത് നീട്ടികിട്ടണമെന്ന അവകാശവാദവുമായി കോടതിയെ സമീപിക്കാനോ നിലവിലെ ലൈസൻസിക്ക് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(a) ലൈസൻസ് കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ ലൈസൻസ് കാലാവധി തീരുന്നതിന് മൂന്ന് മാസങ്ങൾക്ക് മുമ്പ് ലൈസൻസി സമർപ്പിച്ചിരിക്കേണ്ടതാണ്. ലൈസൻസ് കാലാവധി നീട്ടി നൽകുന്ന മുറയ്ക്ക് ഓരോ വർഷത്തിനും പുതിയതായി കരാറിൽ ഏർപ്പെടേണ്ടതാണ്.

31. ഏതെങ്കിലും കാരണവശാൽ ലൈസൻസി കരാറിൽ നിന്നും പിൻമാറി കച്ചവടം അവസാനിപ്പിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം ആ വിവരം മൂന്നു മാസം മുൻപ് തന്നെ നിർബന്ധമായും കോർപ്പറേഷനെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്. അതു പോലെ കോർപ്പറേഷനും മൂന്നു മാസത്തെ നോട്ടീസ് നൽകി ലൈസൻസിയെ ഒഴിവാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.

32. കരാർ കാലാവധിയിൽ ലൈസൻസി മരണപ്പെടുകയാണെങ്കിൽ നിലവിലെ ലൈസൻസ് കാലാവധി പൂർത്തിയാകുന്നതുവരെ മാത്രം ലൈസൻസിയുടെ നിയമാനുസൃത അവകാശിയെ പ്രതിമാസ ലൈസൻസ് ഫീ ഒടുക്കിക്കൊണ്ട് തുടരുവാൻ അനുവദിയ്ക്കുന്നതാണ്. ലൈസൻസി മൂലം ബാധ്യതകളെന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതും നിയമാനുസൃത അവകാശി തീർക്കേണ്ടതുമാണ്. ആയതിന് ശേഷമുള്ള യാതൊരു അവകാശങ്ങളും നിലനിൽക്കുന്നതല്ലായെന്നും, ലൈസൻസ് കാലാവധിക്ക് ശേഷം പുനർ ലേലം / ടെണ്ടറിലൂടെ പുതിയ ലൈസൻസിയെ കണ്ടെത്തുന്നതുമാണ്.

33. കോർപ്പറേഷന്റെ ഉത്തരവാദിത്വപ്പെട്ട അധികാരികൾക്ക് ഏതു സമയത്തും മുന്നറിയിപ്പില്ലാതെ ഏതു ഷോപ്പും പരിശോധിക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

34. പ്രത്യേകിച്ച് കാരണം കൂടാതെ തന്നെ ഏതു ടെണ്ടറും നിരസിയ്ക്കാനുള്ള പരിപൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

35. ലേലം/ടെണ്ടർ, ലൈസൻസ് എന്നിവ സംബന്ധിച്ചുണ്ടാകാവുന്ന കേസുകളുടെ അധികാര പരിധി ***തിരുവനന്തപുരം*** കോടതികൾക്കായിരിക്കുന്നതാണ്.

36. കരാർ വ്യവസ്ഥകളിൽ പറയുന്ന കാര്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ലൈസൻസിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ തന്നെ ലൈസൻസ് റദ്ദ് ചെയ്യാനുള്ള അവകാശം ലൈസൻസർക്കുണ്ട്.

37. പരിപൂർണ്ണമായി പൂരിപ്പിച്ച ടെണ്ടർ ഫാറം ആവശ്യമായ രേഖകളടക്കം താഴെപ്പറയുന്ന മേൽവിലാസത്തിൽ സമർപ്പിയ്ക്കേണ്ടതാണ്.

**ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,**
**കെ.എസ്.ആർ.ടി.സി. , കണ്ണൂർ .**

**എക്സിക്യൂട്ടീവ് ഡയറക്ടർ & എസ്റ്റേറ്റ് ഓഫീസർ**

06/8/19

## കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**നമ്പർ:**ഇഎസ്6/ഇഎസ്3/5718/97

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ ഫോർട്ട്
തിരുവനന്തപുരം, തീയതി: 06.08.2019

# കെ.എസ്.ആർ.ടി.സി കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സ്

## ലഘുദർഘാസ് പരസ്യം

കെ.എസ്.ആർ.ടി.സി, കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സിൽ ഷോപ്പുകൾ അനുവദിക്കുന്ന തിനായി **മുദ്രവച്ച ടെണ്ടറുകൾ** ക്ഷണിക്കുന്നു.

| | | | |
|---|---|---|---|
| 1. | ടെണ്ടർ ഫാറം വില്പന അവസാനിക്കുന്നത് | : | 19/08/2019 15 മണി വരെ |
| 2. | ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | : | 19/08/2019 17 മണി വരെ |
| 3. | ലേലം / ടെണ്ടർ തീയതിയും സ്ഥലവും | : | 20/08/2019 രാവിലെ – 11 മണി മുതൽ **ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്, കെ.എസ്.ആർ.ടി.സി, കണ്ണൂർ** |
| 4. | നിരതദ്രവ്യം | : | 50000/- രൂപ |
| 5. | ടെണ്ടർ ഫാറം ലഭിക്കുന്നത് | | കെ.എസ്.ആർ.ടി.സി, കണ്ണൂർ, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ് കൂടാതെ കെ.എസ്.ആർ.ടി.സിയുടെ വെബ്സൈറ്റിൽനിന്നും |
| 6. | ടെണ്ടർ ഫാറം സമർപ്പിക്കേണ്ടത് | | കെ.എസ്.ആർ.ടി.സി, കണ്ണൂർ ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ് |

**വിവരങ്ങൾക്ക്:**

ഫോൺ നം: 0471 – 2471011 **ഹെഡ് ഓഫീസ്**
Extn: 232
0497-2705960 - K.S.R.T.C, കണ്ണൂർ

വെബ് സൈറ്റ്: www.keralartc.com/tender/misc

**എക്സിക്യൂട്ടീവ് ഡയറക്ടർ & എസ്റ്റേറ്റ് ഓഫീസർ.**

6/8/19

7/8/19

08/8/19

# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

**നമ്പർ: ഇ.എസ്.6/ES3/5718/97**

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി: 06.08.2019

## കെ.എസ്.ആർ.ടി.സി, കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സ്
## ലേലം/ടെണ്ടർ പരസ്യം

കെ.എസ്.ആർ.ടി.സി കണ്ണൂർ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൽ കച്ചവട ആവശ്യങ്ങൾക്കായി ഷോപ്പുകൾ അനുവദിക്കുന്നതിനായി **മുദ്രവച്ച ടെണ്ടറുകൾ** ക്ഷണിക്കുന്നു. ടെണ്ടർ തുറക്കുന്നതിനു മുൻപ് ലേലം ഉണ്ടായിരിക്കുന്നതാണ്. ടെണ്ടർ സമർപ്പിച്ചവർക്കു മാത്രമേ ലേലത്തിൽ പങ്കെടുക്കുവാൻ അനുവാദമുള്ളു. **ഒരു വർഷമാണ്** ലൈസൻസ് കാലാവധി.

1. ഓരോ ഷോപ്പിനും വെവ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.
2. ഏറ്റവും കൂടുതൽ തുക **പ്രതിമാസ വാടക** ആയി വാഗ്ദാനം ചെയ്യുന്നവർക്കാണ് ഷോപ്പ് അനുവദിക്കുന്നത്. വിജയിയായ ടെണ്ടറർ ലേലം/ടെണ്ടർ നടപടിയിലൂടെ നിശ്ചയിക്കപ്പെടുന്ന പ്രതിമാസ വാടക നിരക്കിൽ 12 മാസത്തെ വാടക പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടതാണ്. വിജയിയായ ടെണ്ടറർക്ക് ലേലം/ടെണ്ടർ നടത്തുന്ന അന്നേ ദിവസം തന്നെ താത്കാലിക സ്ഥിരീകരണ ഉത്തരവ് നല്കുന്നതും പ്രസ്തുത വ്യക്തി പലിശരഹിത സെക്യൂരിറ്റി ഡിപ്പോസിറ്റിന്റെ 50 % തുക ഒടുക്കേണ്ടതുമാണ്.
3. ഷോപ്പ് അനുവദിച്ചു കിട്ടുന്നവർ കടകളുടെ ചതുരശ്ര അടി വിസ്തീർണ്ണം അടിസ്ഥാനമാക്കി ലേലം /ടെണ്ടർ നടപടിയിലൂടെ നിശ്ചയിക്കപ്പെട്ട **പ്രതിമാസലൈസൻസ് ഫീ (**പ്രതിമാസ വാടക) ഒടുക്കേണ്ടതാണ്.
4. ലൈസൻസ് ഫീയോടൊപ്പം നിയമാനുസൃത GST യും ഒടുക്കേണ്ടതാണ്.
5. സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ ഈടാക്കുന്ന നികുതികളും ലൈസൻസി ഒടുക്കേണ്ടതാണ്.
6. ടെണ്ടർ സമർപ്പിച്ചിട്ടുള്ളവർ ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് അതിൽ നിന്നും പിൻവാങ്ങുവാൻ പാടുള്ളതല്ല. അങ്ങനെ വന്നാൽ മേൽ പറഞ്ഞവരുടെ നിരതദ്രവ്യം കണ്ടുകെട്ടുന്നതാണ്.
7. **തുടക്കത്തിൽ ഒരു വർഷത്തേയ്ക്കാണ് ലൈസൻസ് അനുവദിക്കുന്നത്. നിലവിലെ ലൈസൻസ് ഫീയിൽ ഓരോ വർഷം കൂടുമ്പോഴും 15% വർദ്ധനവോടെയാണ്** ലൈസൻസിയെ തുടരുവാൻ അനുവദിക്കുന്നത്. തുടക്കം മുതൽ പരമാവധി പത്ത് വർഷം വരെയാണ് ലൈസൻസ് കാലാവധി പുതുക്കി നൽകുന്നത്. കോർപ്പറേഷന് യുക്തമാണെന്നു ബോധ്യപ്പെട്ടാൽ മാത്രമേ അത്തരത്തിൽ ലൈസൻസ് നീട്ടി നൽകുകയുള്ളു. ലൈസൻസ് കാലാവധി നീട്ടി നൽകുന്നതിനുള്ള പൂർണ്ണ അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

8. അലോട്ട്മെന്റ് ലഭിച്ച ശേഷം, നിർദ്ദേശിച്ചിട്ടുള്ള തവണ തുക ഒടുക്കിയില്ലായെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടുന്നതും അലോട്ട്മെന്റ് ക്യാൻസൽ ചെയ്യുന്നതുമാണ്. അതുപോലെ, രണ്ടാം തവണ (ഗഡു) ഒടുക്കുന്നതിൽ മുടക്കം വരുത്തുകയാണെങ്കിലും നിരതദ്രവ്യം, ഒടുക്കിയ 50% പലിശരഹിത സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണ്ടുകെട്ടുന്നതും അലോട്ട്മെന്റ് ക്യാൻസൽ ചെയ്ത് ഷോപ്പ് ടെണ്ടർ നടപടിക്കു വിധേയമാക്കുന്നതുമാണ്. അങ്ങനെയുള്ളവർക്ക് തുടർന്നുള്ള ലേലം/ടെണ്ടർ നടപടികളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയില്ല.

**മുറികളുടെ വിസ്തീർണ്ണം (സ്ക്വയർ ഫീറ്റിൽ), അടിസ്ഥാന വാടക നിരക്ക് എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | റൂം നമ്പർ | വിസ്തീർണ്ണം (Sq.Ft. ) | അടിസ്ഥാന വാടക നിരക്ക് |
|---|---|---|---|
| 1 | S3 | 157.31 | Rs 40 per SqFt |
| 2 | S9 | 234.29 | Rs 60 per SqFt |
| 3 | S11 | 237.90 | Rs 60 per SqFt |
| 4 | S16 | 234.29 | Rs 60 per SqFt |
| 5 | S25 | 200 | Rs 60 per SqFt |
| 6 | P11 | 61.33 | Rs 25 per SqFt |

9. ടെണ്ടർ ഫാറം, ലേലം/ടെണ്ടർ നിബന്ധനകൾ എന്നിവ നിശ്ചയിച്ചിട്ടുള്ള തീയതിവരെ പ്രവൃത്തി ദിനങ്ങളിൽ (ഓഫീസ് സമയപരിധിക്കുള്ളിൽ) കെഎസ്ആർടിസി കണ്ണൂർ **ഡിസ്ട്രിക്ട് ട്രാൻസ്പോർട്ട് ഓഫീസിൽ** നിന്നും ലഭിയ്ക്കുന്നതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതുമാണ്. ഡൗൺലോഡ് ചെയ്യുന്ന ടെണ്ടർ ഫാറത്തിന്റെ വിലയും, 12% GST യും ഡിമാന്റ് ഡ്രാഫ്റ്റായി ടെണ്ടർ ഫാറത്തിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

10. നിരതദ്രവ്യം ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ടി.സി.യുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി എടുക്കേണ്ടതാണ്, അല്ലെങ്കിൽ, കെ.എസ്.ആർ.ടി.സി, കണ്ണൂർ ജില്ല ട്രാൻസ്പോർട്ട് ഓഫീസറുടെ ഓഫീസിൽ പണമായും ഒടുക്കാവുന്നതാണ്.

11. ടെണ്ടർ ഫാറത്തിൽ എല്ലാ കോളങ്ങളും വ്യക്തമായി പൂരിപ്പിച്ചിരിക്കേണ്ടതാണ്. ടെണ്ടർ ഫാറത്തിൽ ഏത് ഷോപ്പാണ് ആവശ്യമുള്ളതെന്ന് രേഖപ്പെടുത്തിയിരിക്കണം. കൂടാതെ മുദ്രവച്ച ടെണ്ടറടങ്ങിയ കവറിനു പുറത്ത് ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ നടക്കുന്ന ദിവസം, ടെണ്ടറുടെ കൃത്യമായ മേൽവിലാസം എന്നിവ രേഖപ്പെടുത്തിയിരിക്കണം. ഇവ രേഖപ്പെടുത്താത്ത ടെണ്ടറുകൾ നിരസിക്കുന്നതാണ്.

12. ടെണ്ടർ തുറക്കുന്നതിനു മുൻപ് ലേലം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിലും ടെണ്ടറിലും വച്ച് ഏറ്റവും ഉയർന്ന പ്രതിമാസ വാടക വാഗ്ദാനം ചെയ്യുന്നവർക്ക് ഷോപ്പിനുള്ള അലോട്ട്മെന്റ് താത്കാലികമായി നൽകുന്നതാണ്.

13. അലോട്ട്മെന്റ് ലെറ്റർ ഷോപ്പ് ലഭിക്കുന്നതിനുള്ള അന്തിമ ഉത്തരവല്ല. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള തുക പൂർണ്ണമായും ഒടുക്കിയാൽ മാത്രമെ ഷോപ്പിനുള്ള ലൈസൻസ് നൽകുകയുള്ളൂ. ടെണ്ടർ ഫാറത്തിൽ പ്രസ്താവിച്ചിരിക്കുന്ന വ്യാപാരമല്ലാതെ മറ്റൊരു വ്യാപാരവും അനുവദിക്കുന്നതല്ല.

14. മുദ്രവച്ച കവറിൽ പൂരിപ്പിച്ച ടെണ്ടർ ഫാറത്തോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.
    a) വില്ലേജാഫീസർ/ തഹസിൽദാർ നൽകിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റ്.
    b) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്
    c) ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ഐഡന്റിറ്റി കാർഡിന്റെയോ ആധാറിന്റെയോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
    d) ഇ.എസ്6/ഇ.എസ്3/5718/97 തീയതി 06/08/2019 എന്ന ലേലം/ടെണ്ടർ നിബന്ധനകൾ ടെണ്ടറർ എല്ലാ പേജിലും ഒപ്പിട്ടത്.
    e) ഇ.എസ്6 ഇ.എസ്3/5718/97 തീയതി 06/08/2019 എന്ന ലേലം/ടെണ്ടർ നോട്ടീസ് ടെണ്ടറർ ഒപ്പിട്ടത്.
    f) നിരതദ്രവ്യം ഒടുക്കിയതിന്റെ രേഖ (ഡിമാന്റ് ഡ്രാഫ്റ്റ് / ക്യാഷ് രസീത്)
    g) ടെണ്ടർ ഫാറത്തിന്റെ വില (ക്യാഷ് രസീത് / website-ൽ നിന്നും download ചെയ്തതാണെങ്കിൽ ഡിമാൻറ് ഡ്രാഫ്റ്റ്). മേൽ പറഞ്ഞ രേഖകൾ ഇല്ലാത്ത ടെണ്ടർ അംഗീകരിക്കുന്നതല്ല.

15. ബ്രോഷറിൽ സൂചിപ്പിച്ചിട്ടുള്ള ഷോപ്പുകളുടെ വിസ്തീർണ്ണം ഏറ്റക്കുറച്ചിലുകൾക്ക് വിധേയമാണ്. ഇതു സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

16. ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലം സന്ദർശിച്ച് ഓരോ ഷോപ്പുകളുടെയും കൃത്യമായ സ്ഥാനം ടെണ്ടറർ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ടെണ്ടർ നടപടി സ്വീകരിക്കുമ്പോഴോ അതിനു ശേഷമോ ഷോപ്പുകളുടെ സ്ഥാനം സംബന്ധിച്ചുള്ള പരാതികൾ പരിഗണിക്കുന്നതല്ല.

17. ഏതു ടെണ്ടറും പ്രത്യേകിച്ച് കാരണംകൂടാതെ തന്നെ നിരസിക്കാനുള്ള അധികാരം ടെണ്ടർ കമ്മിറ്റിക്ക് ഉണ്ടായിരിക്കുന്നതാണ്.

18. ടെണ്ടർ നിബന്ധനകളിലും നോട്ടീസിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഉചിതമായ തീരുമാനം വ്യവസ്ഥകൾക്കതീതമായി എടുക്കുന്നതിനുള്ള അധികാരം മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

19. ടെണ്ടർ തുറന്ന് പരിശോധിക്കുമ്പോൾ വ്യവസ്ഥപ്രകാരമുള്ള രേഖകൾ ഇല്ലായെങ്കിൽ ബന്ധപ്പെട്ട വ്യക്തിയുടെ ലേലവും ടെണ്ടറും നിരസിക്കുന്നതാണ്.

20. ലേലം/ടെണ്ടർ, ലൈസൻസ് എന്നിവ സംബന്ധിച്ചുണ്ടാകാവുന്ന കേസുകളുടെ ന്യായാധികാരം തിരുവനന്തപുരം കോടതികൾക്കായിരിക്കുന്നതാണ്.

21. പ്രതിമാസ ലൈസൻസ് ഫീ ലേലം / ടെണ്ടർ നടപടിയിലൂടെ തീരുമാനിക്കുന്നതാണ്.

22. <u>നിരതദ്രവ്യം</u> **-50000/-** രൂപ (അമ്പതിനായിരം രൂപ) വീതം ഓരോ ഷോപ്പിനും

| | | |
|---|---|---|
| ടെണ്ടർ ഫാറത്തിന്റെ വില | : | 2000/- രൂപ + GST 12% |
| ടെണ്ടർ ഫാറം വില്പന അവസാനിക്കുന്നത് | : | 19/08/2019 15.00 മണി വരെ |
| പൂരിപ്പിച്ച ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി | : | 19/08/2019 17.00 മണി വരെ |
| ടെണ്ടർ തീയതി | | 20/08/2019 രാവിലെ 11 മണി മുതൽ **ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്, കെ.എസ്.ആർ.ടി.സി, കണ്ണൂർ** . |

*

**ടെണ്ടർ സമർപ്പിക്കേണ്ടത്:**

**ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ,**
**കെ.എസ്.ആർ.ടി.സി, കണ്ണൂർ**

*(കവറിനു പുറത്തു മേൽവിലാസം, ടെണ്ടർ നമ്പർ, തീയതി, ആവശ്യമായ ഷോപ്പിന്റെ നമ്പർ (ഉദാ: G1,G2 എന്നിങ്ങനെ) എന്നിവ എഴുതി തപാൽ സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഇവ രേഖപ്പെടുത്താത്ത ടെണ്ടർ അംഗീകരിക്കുന്നതല്ല)*

***NB:*** *ഷോപ്പിന്റെ സ്ഥാനം, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച് നേരിട്ട് സ്ഥലം സന്ദർശിച്ച് ടെണ്ടറർ ബോദ്ധ്യപ്പെടേണ്ടതാണ്. ഇവ സംബന്ധിച്ച് ഭാവിയിൽ ഉണ്ടാകുന്ന പരാതികൾ പരിഗണിക്കുന്നതല്ല.*

**ലേലം/ടെണ്ടർ നടത്തുന്ന സ്ഥലം : ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്,**
**കെ.എസ്.ആർ.ടി.സി.,**
**കണ്ണൂർ .**

**എക്സിക്യൂട്ടീവ് ഡയറക്ടർ & എസ്റ്റേറ്റ് ഓഫീസർ**

01/8/19

# കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: ES6/ES3/5718/97

ടെണ്ടർ ഫാറത്തിന്റെ വില
**2000 രൂപ + 12% GST**

**കെ.എസ്.ആർ.ടി.സി. കണ്ണൂർ ഷോപ്പിംഗ് കോംപ്ലക്സിൽ**
**ഒരു വർഷത്തേക്ക് ഷോപ്പ് ലഭിക്കുന്നതിനുള്ള ടെണ്ടർ ഫാറം**

| | | | |
|---|---|---|---|
| 1. | ലേലം / ടെണ്ടർ നോട്ടീസ് നമ്പർ | : | ES6/ES3/5718/97<br>തീയതി: 06.08.2019 |
| 2. | ടെണ്ടർ ഫാറം സ്വീകരിക്കുന്ന അവസാന തീയതി | : | 19/08/2019, 17 മണി വരെ |
| 3. | **ലേലം/ടെണ്ടർ നടക്കുന്ന സ്ഥലവും തീയതിയും** | : | **20/08/2019, രാവിലെ 11.00 മണി മുതൽ ജില്ലാ ട്രാൻസ്പോർട്ട് ഓഫീസ്, കെ.എസ്.ആർ.ടി.സി., കണ്ണൂർ** |
| 4. | ടെണ്ടററുടെ പേരും മേൽവിലാസവും പിൻകോഡും | : | |
| 5. | കത്തിടപാടുകൾ നടത്തുന്നതിനുള്ള മേൽ വിലാസവും, പിൻകോഡും | : | |
| 6. | ഫോൺ നം:, മൊബൈൽ നം: ഇമെയിൽ വിലാസം | | |
| * 7. | **ആവശ്യമായ ഷോപ്പിന്റെ വിവരം (നമ്പർ)**<br>*(കോഡ് നമ്പർ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്)* | : | |
| 8. | നടത്തുവാനുദ്ദേശിക്കുന്ന കച്ചവടം | : | |
| 9. | **ക്വാട്ട് ചെയ്യുന്ന പരമാവധി പ്രതിമാസ വാടക** (അക്കത്തിലും അക്ഷരത്തിലും) | : | |
| 10. | നിരതദ്രവ്യം സംബന്ധിച്ചുള്ള വിവരം | : | ഡി.ഡി നം: OR ക്യാഷ് രസീത് നമ്പർ:<br>-----------------------<br>ബാങ്ക്:<br>ബ്രാഞ്ച്:<br>തീയതി: |

* NB: *ആവശ്യമായ കടമുറികൾ ഏതെന്ന്* ***കോഡു സഹിതം*** *എഴുതേണ്ടതാണ്.*
*(ഉദാ: F1, G1 എന്നിങ്ങനെ)*

**ടെണ്ടററുടെ ഒപ്പും പേരും**

**പ്രതിജ്ഞാ വാചകം**

മുകളിൽ നൽകിയിട്ടുള്ള വിവരങ്ങൾ സത്യസന്ധമാണെന്നും 06/08/2019 തീയതിയിലെ ES6/ES3/5718/97 എന്ന നമ്പർ പ്രകാരമുള്ള ലേലം / ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും ഞാൻ വായിച്ചു ബോദ്ധ്യപ്പെട്ടുവെന്നും, ഇവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ കൃത്യമായും പാലിച്ചു കൊള്ളാമെന്നും, ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

മേൽപ്പറഞ്ഞ ടെണ്ടർ നോട്ടീസും, ടെണ്ടർ നിബന്ധനകളും അംഗീകരിച്ച്, ഒപ്പിട്ട് ഞാൻ സമർപ്പിക്കുന്നു.

സ്ഥലം:
തീയതി: **ടെണ്ടററുടെ ഒപ്പ്**

**കുറിപ്പ്:** ☞ എല്ലാ ഭാഗവും പൂരിപ്പിച്ച ടെണ്ടർ ഫാറവും അനുബന്ധ രേഖകളും അടങ്ങിയ മുദ്രവച്ച കവർ (കവറിനു പുറത്ത് മുകളിലായി ആവശ്യമായ ഷോപ്പിന്റെ നമ്പർ, ടെണ്ടർ നോട്ടീസ് നമ്പർ, ടെണ്ടർ തീയതി എന്നിവ വ്യക്തമായി എഴുതിയിരിക്കണം).

☞ കവറിന്റെ താഴെ വലതുഭാഗത്ത് " **ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ, കെ.എസ്.ആർ.ടി.സി, കണ്ണൂർ** " എന്ന മേൽവിലാസവും, ഇടതുഭാഗത്ത് ടെണ്ടററുടെ പേരും, മേൽവിലാസവും എഴുതിയിരിക്കണം.

☞ മേൽപ്പറഞ്ഞ വിവരങ്ങൾ രേഖപ്പെടുത്താത്ത ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല. കൂടാതെ പ്രസ്തുത വ്യക്തി വിളിച്ച ലേലവും അസാധുവാകുന്നതാണ്.